**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 377** **02-07-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ ഉദ്യോഗാർത്ഥികൾക്ക് പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉൾപ്പെടെയുള്ള വിവിധ മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകിവരുന്നുണ്ടോ; വിശദമാക്കുമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരിശീലനമുൾപ്പെടെ വിവിധ മത്സര പരീക്ഷകൾക്ക് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പരിശീലനം നൽകിവരുന്നുണ്ട്. വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS) എന്ന സ്വയംഭരണ സ്ഥാപനം വഴി കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയിൽ 120 പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും, ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതി വഴി വിദ്യാർത്ഥികൾ തെരഞ്ഞെടുക്കുന്ന സംസ്ഥാനത്തെ പ്രധാനപ്പെട്ട സിവിൽ സർവീസ് പരിശീലന കേന്ദ്രങ്ങളിൽ ചേർന്ന് പഠിക്കുന്നതിന് 60 പട്ടികജാതി വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് അനുവദിച്ച് വരുന്നു. ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ്, പോക്കറ്റ് മണി, ബുക്ക് കിറ്റ് അലവൻസ് എന്നിവയാണ് നൽകുന്നത്.<br><br>പട്ടികവർഗ വിദ്യാർത്ഥികൾക്കായി കേരള സിവിൽ സർവ്വീസ് അക്കാഡമിയിൽ ഒരു മാസത്തെ ഓറിയന്റേഷൻ ക്യാമ്പ് വഴി തെരെഞ്ഞെടുക്കപ്പെടുന്ന 30 പരിശീലനാർത്ഥികൾക്ക്, അവർ തന്നെ തിരഞ്ഞെടുക്കുന്ന ഇന്ത്യയിലെ വിവിധ സിവിൽ സർവീസ് പരിശീലന കേന്ദ്രങ്ങളിൽ പരിശീലനം നൽകുന്നതിന് സ്കോളർഷിപ്പ് അനുവദിക്കുന്നു.<br><br>ഇതിനുപുറമേ അഭ്യസ്തവിദ്യരായ പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥിൾക്ക് പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉൾപ്പെടെയുള്ള വിവിധ മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനും നൈപുണ്യ |

| | | | |
|---|---|---|---|
| | | | പരിശീലനം നൽകുന്നതിനുമായി പട്ടികജാതി വികസന വകുപ്പിനു കീഴിൽ നിലവിൽ തിരുവനന്തപുരം(മണ്ണന്തല), എറണാകുളം(ആലുവ,) പാലക്കാട്(കുഴൽമന്ദം), കോഴിക്കോട് എന്നീ ജില്ലകളിൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.<br><br>പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളുടെ പ്രയോജനം കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനായി എല്ലാ നിയമസഭാ മണ്ഡലങ്ങളിലും വെർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനുള്ള പ്രധാനകേന്ദ്രം തിരുവനന്തപുരം അംബേദ്കർ ഭവനിൽ സജ്ജീകരിച്ച് വരികയാണ് .<br><br>പട്ടികവർഗ്ഗ യുവതി -യുവാക്കളിൽ തൊഴിൽ ശേഷി വർദ്ധിപ്പിക്കുന്നതിനും തൊഴിൽ ലഭ്യത ഉറപ്പാക്കുന്നതിനുമുള്ള പരിശീലനങ്ങൾ ഉറപ്പാക്കുന്നതിനായി "ഫിനാൻഷ്യൽ അസിസ്റ്റന്റ്സ് ഫോർ കോമ്പറ്റീറ്റീവ് എക്സാം കോച്ചിംഗ്" എന്ന പദ്ധതി നടപ്പാക്കുന്നതിനായി ഈ സാമ്പത്തിക വർഷം 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്ലേസ്മെന്റ് ഉറപ്പുനൽകുന്ന കോഴ്സുകൾ ഈ പ്രൊജക്റ്റ് വഴി നടപ്പാക്കുന്നതാണ്. |
| (ബി) | പ്രസ്തുത പരിശീലനത്തിനായി തിരഞ്ഞെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ ഈ തുക വർദ്ധിപ്പിച്ച് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരിശീലനമുൾപ്പെടെ വിവിധ മത്സര പരീക്ഷകൾക്ക് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പരിശീലനം നൽകിവരുന്നുണ്ട്. വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS) എന്ന സ്വയംഭരണ സ്ഥാപനം വഴി കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയിൽ 120 പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും, ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതി വഴി വിദ്യാർത്ഥികൾ തെരഞ്ഞെടുക്കുന്ന സംസ്ഥാനത്തെ പ്രധാനപ്പെട്ട സിവിൽ സർവീസ് പരിശീലന കേന്ദ്രങ്ങളിൽ ചേർന്ന് പഠിക്കുന്നതിന് 60 പട്ടികജാതി വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് അനുവദിച്ച് വരുന്നു. ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ്, പോക്കറ്റ് മണി, ബുക്ക് കിറ്റ് അലവൻസ് എന്നിവയാണ് നൽകുന്നത്.<br><br>പട്ടികവർഗ വിദ്യാർത്ഥികൾക്കായി കേരള സിവിൽ സർവ്വീസ് അക്കാഡമിയിൽ ഒരു മാസത്തെ |

| | | | |
|---|---|---|---|
| | | | ഓറിയന്റേഷൻ ക്യാമ്പ് വഴി തെരെഞ്ഞെടുക്കപ്പെടുന്ന 30 പരിശീലനാർത്ഥികൾക്ക്, അവർ തന്നെ തിരഞ്ഞെടുക്കുന്ന ഇന്ത്യയിലെ വിവിധ സിവിൽ സർവീസ് പരിശീലന കേന്ദ്രങ്ങളിൽ പരിശീലനം നൽകുന്നതിന് സ്കോളർഷിപ്പ് അനുവദിക്കുന്നു.<br><br>ഇതിനുപുറമേ അഭ്യസ്തവിദ്യരായ പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥിൾക്ക് പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉൾപ്പെടെയുള്ള വിവിധ മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനും നൈപുണ്യ പരിശീലനം നൽകുന്നതിനുമായി പട്ടികജാതി വികസന വകുപ്പിനു കീഴിൽ നിലവിൽ തിരുവനന്തപുരം(മണ്ണന്തല), എറണാകുളം(ആലുവ,) പാലക്കാട്(കുഴൽമന്ദം), കോഴിക്കോട് എന്നീ ജില്ലകളിൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.<br><br>പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളുടെ പ്രയോജനം കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനായി എല്ലാ നിയമസഭാ മണ്ഡലങ്ങളിലും വെർച്ചൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനുള്ള പ്രധാനകേന്ദ്രം തിരുവനന്തപുരം അംബേദ്കർ ഭവനിൽ സജ്ജീകരിച്ച് വരികയാണ് .<br><br>പട്ടികവർഗ്ഗ യുവതി -യുവാക്കളിൽ തൊഴിൽ ശേഷി വർദ്ധിപ്പിക്കുന്നതിനും തൊഴിൽ ലഭ്യത ഉറപ്പാക്കുന്നതിനുമുള്ള പരിശീലനങ്ങൾ ഉറപ്പാക്കുന്നതിനായി "ഫിനാൻഷ്യൽ അസിസ്റ്റന്റ്സ് ഫോർ കോമ്പറ്റീറ്റീവ് എക്സാം കോച്ചിംഗ്" എന്ന പദ്ധതി നടപ്പാക്കുന്നതിനായി ഈ സാമ്പത്തിക വർഷം 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്ലേസ്മെന്റ് ഉറപ്പുനൽകുന്ന കോഴ്സുകൾ ഈ പ്രൊജക്ട് വഴി നടപ്പാക്കുന്നതാണ്. |
| (സി) | പരിശീലനം നൽകുന്നതിനായി കൂടുതൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) | പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരിശീലനമുൾപ്പെടെ വിവിധ മത്സര പരീക്ഷകൾക്ക് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പരിശീലനം നൽകിവരുന്നുണ്ട്. വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS) എന്ന സ്വയംഭരണ സ്ഥാപനം വഴി കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയിൽ 120 പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും, ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതി വഴി വിദ്യാർത്ഥികൾ തെരഞ്ഞെടുക്കുന്ന സംസ്ഥാനത്തെ |

പ്രധാനപ്പെട്ട സിവിൽ സർവീസ് പരിശീലന കേന്ദ്രങ്ങളിൽ ചേർന്ന് പഠിക്കുന്നതിന് 60 പട്ടികജാതി വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് അനുവദിച്ച് വരുന്നു. ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ്, പോക്കറ്റ് മണി, ബുക്ക് കിറ്റ് അലവൻസ് എന്നിവയാണ് നൽകുന്നത്.

പട്ടികവർഗ വിദ്യാർത്ഥികൾക്കായി കേരള സിവിൽ സർവ്വീസ് അക്കാഡമിയിൽ ഒരു മാസത്തെ ഓറിയന്റേഷൻ ക്യാമ്പ് വഴി തെരെഞ്ഞെടുക്കപ്പെടുന്ന 30 പരിശീലനാർത്ഥികൾക്ക്, അവർ തന്നെ തിരഞ്ഞെടുക്കുന്ന ഇന്ത്യയിലെ വിവിധ സിവിൽ സർവീസ് പരിശീലന കേന്ദ്രങ്ങളിൽ പരിശീലനം നൽകുന്നതിന് സ്കോളർഷിപ്പ് അനുവദിക്കുന്നു.

ഇതിനുപുറമേ അഭ്യസ്തവിദ്യരായ പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥിൾക്ക് പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉൾപ്പെടെയുള്ള വിവിധ മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനും നൈപുണ്യ പരിശീലനം നൽകുന്നതിനുമായി പട്ടികജാതി വികസന വകുപ്പിനു കീഴിൽ നിലവിൽ തിരുവനന്തപുരം(മണ്ണന്തല), എറണാകുളം(ആലുവ,) പാലക്കാട്(കുഴൽമന്ദം), കോഴിക്കോട് എന്നീ ജില്ലകളിൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളുടെ പ്രയോജനം കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനായി എല്ലാ നിയമസഭാ മണ്ഡലങ്ങളിലും വെർച്ചൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനുള്ള പ്രധാനകേന്ദ്രം തിരുവനന്തപുരം അംബേദ്കർ ഭവനിൽ സജ്ജീകരിച്ച് വരികയാണ് .

പട്ടികവർഗ്ഗ യുവതി -യുവാക്കളിൽ തൊഴിൽ ശേഷി വർദ്ധിപ്പിക്കുന്നതിനും തൊഴിൽ ലഭ്യത ഉറപ്പാക്കുന്നതിനുമുള്ള പരിശീലനങ്ങൾ ഉറപ്പാക്കുന്നതിനായി "ഫിനാൻഷ്യൽ അസിസ്റ്റന്റ്സ് ഫോർ കോമ്പറ്റീറ്റീവ് എക്സാം കോച്ചിംഗ്" എന്ന പദ്ധതി നടപ്പാക്കുന്നതിനായി ഈ സാമ്പത്തിക വർഷം 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്ലേസ്മെന്റ് ഉറപ്പുനൽകുന്ന കോഴ്സുകൾ ഈ പ്രൊജക്റ്റ് വഴി നടപ്പാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ